# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവയൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/എഫ്1/1373/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 28/07/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവയൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/എഫ്1/1373/2025 തീയ്യതി: 28/07/2025

## കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-10-2024 മുതൽ 10-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.എസ്.ബിജേഷ്, കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-06-2025 | 21-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-06-2025 | 21-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ധീരജ്.ജെ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.അശ്വതി.ജെ, ഓഡിറ്റർ
ശ്രീമതി.രജനി ഗംഗാധരൻ, ഓഡിറ്റർ (11.06.2025 മുതൽ 13.06.2025 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുബിത തോട്ടാഞ്ചേരി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.സിന്ധു.പി.എസ്. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുരഭി കെ. | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്രീജ.പി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഷീജ പീറ്റർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.മൃദുലറോയ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ.ജോസ് ബാബു | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ബിന്ദു.സി.വി | വി.ഇ.ഒ | 01-04-2024 | 02-11-2024 |
| ശ്രീമതി.ഗ്രീഷ്മ .കെ | വി.ഇ.ഒ (ഇൻ ചാർജ്) | 03-11-2024 | 25-12-2024 |
| ശ്രീമതി.ശ്രീജ.ടി.എസ്. | വി.ഇ.ഒ | 26-12-2024 | 31-03-2025 |
| ശ്രീമതി. ഗ്രീഷ്മ.കെ | വി.ഇ.ഒ | 01-04-2024 | 29-12-2024 |
| ശ്രീമതി.ജിജി.ഗോവിന്ദ് | വി.ഇ.ഒ | 30-12-2024 | 31-03-2025 |
| ശ്രീമതി.സെറീന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 06-09-2024 |
| ശ്രീമതി.വിശാന്ത്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-09-2024 | 31-03-2025 |
| ശ്രീ.അജയകുമാർ | ഹെഡ്മാസ്റ്റർ | 01-04-2024 | 31-05-2024 |
| ശ്രീമതി. ബീന.വി.കെ | ഹെഡ്മിസ്ട്രസ് | 01-06-2024 | 31-03-2025 |
| ശ്രീ.ജോഷി ജോസ്.സി.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 19-09-2024 |
| ശ്രീ.അബ്ദുൾ റഷീദ് | അസിസ്റ്റന്റ് സെക്രട്ടറി | 20-09-2024 | 31-03-2025 |
| ഡോ.സവിദ്ധ്യ.എം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ഡോ.അമ്പിളി അരവിന്ദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | മുഴുവൻ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | തുകകൾ കാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ചെലവുകൾ യഥാസമയം രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ഇ-ടെണ്ടർ ഫീ - മുഴുവൻ തുകയും ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 1-1-7 |
| 9 | ധനകാര്യകമ്മീഷൻ ഗ്രാന്റ് - ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | കാഷ് ബാലൻസ് പരിശോധന | 1-6 |
| 16 | കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി | 1-7 |
| 17 | ഉടമസ്ഥൻ താമസിക്കുന്നവയല്ലാത്ത പാർപ്പിട കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ | 1-8 |
| 18 | പലിശരഹിത അക്കൗണ്ടിലെ തുക സമയബന്ധിതമായി മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റുന്നില്ല | 1-9 |
| 19 | വിനോദ നികുതി - അപാകങ്ങൾ | 1-10 |
| 20 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല | 1-11 |
| 21 | അളവ് രേഖപ്പെടുത്തിയതിൽ പിശക് -കരാറുകാരന് അധിക തുക അനുവദിച്ചു | 1-12 |
| 22 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-13 |
| 23 | വിതരണ സ്റ്റോക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-14 |
| 24 | വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-15 |
| 25 | രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല | 1-16 |
| 26 | കൈപ്പറ്റ്, സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-17 |
| 27 | എം സി എഫിൽ സ്ഥാപിച്ചിട്ടുള്ള മെഷിൻ പ്രവർത്തനക്ഷമമായിട്ടില്ല | 1-18 |

| | | |
|---|---|---|
| 28 | നിർമ്മാണ പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല – ഇൻഷ്വർ ചെയ്യാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നില്ല | 1-19 |
| 29 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് അർഹമായ മുഴുവൻ ധനസഹായം നൽകുന്നില്ല | 1-20 |
| 30 | തെരുവുവിളക്ക് രജിസ്റ്റർ പരിപാലനത്തിലെ ന്യൂനതകൾ | 1-21 |
| 31 | അംഗൻവാടികൾക്ക് ഫർണീച്ചർ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-22 |
| 32 | പി.എച്ച്.സി.യിലും, ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തൽ - വാങ്ങൽ നടപടികളിൽ സുതാര്യതയില്ല | 1-23 |
| 33 | പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അപാകങ്ങൾ | 1-24 |
| 34 | എക്സ്ട്രായിനങ്ങളുടെ നിരക്ക് കണക്കാക്കിയതിൽ പിശക്- പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 1-25 |
| 35 | ജൽജീവൻ പദ്ധതി - നാളിതു വരെ തുക കൈമാറിയില്ല -പദ്ധതി പുരോഗതി വിവരം ലഭ്യമല്ല | 1-26 |
| 36 | ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ അവ്യക്തത | 1-27 |
| 37 | അതിദരിദ്രർക്ക് മരുന്നും ലാബ് ടെസ്റ്റും - വിനിയോഗ വിവരം ലഭ്യമല്ല | 1-28 |
| 38 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അളവ് രേഖപ്പെടുത്തിയതിൽ പിശക് - കരാറുകാരന് അധിക തുക അനുവദിച്ചു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2025 തീയതിയിലെ 01/01 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി 31.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,** പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ **2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം : കോഴിക്കോട്

തീയതി: ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 മുഴുവൻ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല**

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ചുള്ള അക്കൗണ്ട് കുറിപ്പുകൾ, അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

കാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ കാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല**

ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷം നടപ്പാക്കിയ മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകളൊന്നും വാർഷിക ധനകാര്യപത്രികയുടെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

നികുതി വരവ് ഡിമാന്റുകൾ സാമ്പത്തിക വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി ചെയ്തിട്ടില്ല. കൂടാതെ പഞ്ചായത്ത് ഡിമാൻഡ് ചെയ്ത് കളക്ഷൻ നടത്തുന്ന ഡി.സി.ബി ഇനങ്ങളിൽ ഡിമാൻഡ് ചേർത്തതിന് ശേഷം ജേർണൽ എൻട്രി ചേർത്ത് കളക്ഷൻ അനുസൃതമായി ഡിമാൻഡ് തുക അഡ്ജസ്റ്റ് ചെയ്യുന്നു. "PROPERTY TAX RESIDENTIAL BUILDING" എന്ന ഹെഡിൽ 5.11.24, 31.3.25 തീയതികളിൽ യഥാക്രമം 3502602/-,1951059/- രൂപ ഡിമാൻഡ് ആയി ചേർക്കുകയും 31/03/24 910000/- രൂപയുടെ കുറവ് ഡിമാന്റിൽ ജേർണൽ എൻട്രി മുഖേന വരുത്തുകയും ചെയ്തിട്ടുണ്ട്.

**1-1-5 തുകകൾ കാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല.**

412010101 ശീർഷകത്തിലെ Capital Work In Progress ആസ്തിമൂല്യം 0 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. PHC നവീകരണം , ബഡ്സ് സ്കൂൾ നിർമ്മാണം എന്നീ ആസ്തി നിർമ്മാണ പ്രവൃത്തികളിൽ പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും ആയത് ബാലൻസ് ഷീറ്റിലെ Capital Work In Progress (B-II(b))എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

**1-1-6 ചെലവുകൾ യഥാസമയം രേഖപ്പെടുത്തുന്നില്ല.**

ബാലൻസ് ഷീറ്റ് B11-(d) ഷെഡ്യൂളിലെ Sanitation And Waste Management - Public Programmes - Vehicles For Disposing Waste ശീർഷകത്തിൽ 2024-25 വർഷം 545818/- രൂപ Capital Expence ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക 2023-24 വർഷത്തിൽ ഹരിതകർമ്മസേനയ്ക്ക് വാഹനം എന്ന പദ്ധതിക്കായി ചെലവഴിച്ചതാണ്.

**1-1-7 ഇ-ടെണ്ടർ ഫീ - മുഴുവൻ തുകയും ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല**

ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോഴുള്ള ടെണ്ടർ ഫീ ഇനത്തിൽ 09.02.2025 തീയതിയിൽ 88250/- രൂപ മാത്രമാണ് തൻവർഷം ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ 31.03.2025 തീയതിയിൽ 902490/-രൂപ അവശേഷിക്കുന്നുണ്ട്. ഇതിൽ ജി.എസ്.ടി ഇനത്തിലെ ഒഴികെയുള്ള തുക സമയബന്ധിതമായി ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

**1-1-8 ധനകാര്യകമ്മീഷൻ ഗ്രാന്റ് - ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റിലെ ബി -4 ഷെഡ്യൂൾ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ വർഷാന്ത്യ

നീക്കിയിരിപ്പ് 4932782/- രൂപയാണ് (ടൈഡ് 3617570 + അൺടൈഡ് 1315212). എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ(അക്കൗണ്ട് നം. 21390100067537) ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം സാമ്പത്തിക വർഷാവസാനം 5050453/- രൂപ നീക്കിയിരിപ്പുണ്ട്.

### 1-1-9 ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

കാനറ ബാങ്ക് ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് (നം. 110042785369) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല.

### 1-2 ബജറ്റ്

പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 07.02.2024 തീയതിയിലെ 1/(1)/24 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 50684058 |
| വരവ് | 304550515 |
| **ആകെ** | **355234573** |
| ചെലവ് | 302418336 |
| നീക്കിയിരിപ്പ് | 52816237 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 66906407 |
| വരവ് | 128311087 |
| **ആകെ** | **195217494** |
| ചെലവ് | 112201345 |
| നീക്കിയിരിപ്പ് | 83016149 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 38290000 | 38290000 | 37948510 | 341490 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 9475000 | 9475000 | 9475000 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 17467000 | 17467000 | 12280569 | 5186431 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 8766000 | 8766000 | 6052887 | 2713113 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | PFMS | 2022352 | 13209000 | 15231352 | 11613782 | 3617570 |
| | TREASURY | 0 | 753930 | 753930 | 363963 | 389963 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | PFMS | 962268 | 6802730 | 7764998 | 6449786 | 1315212 |
| | TREASURY | 0 | 245468 | 245468 | 179172 | 66296 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 255 | 214634231 | 182 | 128535960 | 73 | 71.3% |

## 1-6 കാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 13.06.2025ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 246/- രൂപയുടെ കാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി

2024-25 വർഷത്തെ വസ്തുനികുതി നിർണ്ണയ ഫയലുകൾ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ ശ്രീമതി.അലീമ, ഒവുങ്ങര ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള (നം.18/385G,H,I,J ) 138.26 $M^2$ വിസ്തീർണ്ണം ഉള്ള വാണിജ്യ കെട്ടിടം, ചെറിയ ഭാഗങ്ങളായി വിഭജിച്ച് കെട്ടിട നമ്പർ നല്കിയപ്പോൾ 100 $M^2$ വരെ തറവിസ്തീർണ്ണം ഉള്ള വാണിജ്യ കെട്ടിടം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് സഞ്ചയയിൽ നികുതി നിർണയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ 100 $M^2$ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയും, 100 M2 വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/2024-25 തീയതി 21.06.2025) മറുപടി ലഭിച്ചിട്ടില്ല.

## 1-8 ഉടമസ്ഥൻ താമസിക്കുന്നവയല്ലാത്ത പാർപ്പിട കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ

പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 4 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വസ്തു നികുതി നിരക്ക് ചുവടെ നല്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | നികുതി നിരക്ക് (രൂപ) |
|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) -300 ച.മീ വരെയുള്ളവ. | 6 |
| 2 | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) -300 ച.മീ മുകളിലുള്ളവ. | 8 |

| | | |
|---|---|---|
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ -300 ച.മീറ്റർ വരെയുള്ളവ | 40 |
| 4 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ -300 ച.മീറ്ററിന് മുകളിലുള്ളവ | 55 |

ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ധാരാളം അപ്പാർട്ട്മെന്റ് കെട്ടിടങ്ങൾക്ക് തൻവർഷം കെട്ടിട നമ്പർ നല്കി നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളെയെല്ലാം സ്വന്തം താമസത്തിനുപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഉടമസ്ഥൻ വാടകയ്ക്ക് നൽകുവാനുപയോഗിക്കുന്ന കെട്ടിടങ്ങളെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ എന്ന് കണക്കാക്കി നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ നൽകുന്നു.

| വാർഡ്/ ഡോർ നമ്പർ | വിസ്തീർണ്ണം (ച.മീ.) | ഉടമസ്ഥന്റെ പേര് | നിലവിൽ ഉപയോഗ ക്രമം/ഏർപ്പെടുത്തിയ നികുതി നിരക്ക് |
|---|---|---|---|
| 17/429 C- G | 422.52 | ജിനീഷ്.എം.സി | അപ്പാർട്ട്മെന്റുകൾ/പാർപ്പിടാവശ്യം/8/- രൂപ |
| 5/228 C-F | 291.46 | പ്രശോഭ്, കുഴിപ്പള്ളി മീത്തൽ | അപ്പാർട്ട്മെന്റുകൾ/പാർപ്പിടാവശ്യം/6/- രൂപ |
| 22/450 C-F | 270.14 | നാസർ. എം.പി, നൗഷാദ് അലി | അപ്പാർട്ട്മെന്റുകൾ/പാർപ്പിടാവശ്യം/6/- രൂപ |
| 8/95 B-D | 275.34 | സജീവൻ.കെ | അപ്പാർട്ട്മെന്റുകൾ/പാർപ്പിടാവശ്യം/ 6/-രൂപ |
| 18/586 E-O | 636.96 | ഫാത്തിമ മൻസൂർ, എടവനക്കാട്ടിൽ | അപ്പാർട്ട്മെന്റുകൾ/പാർപ്പിടാവശ്യം /8/-രൂപ |

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉടമസ്ഥൻ സ്വന്തം താമസത്തിന് ഉപയോഗിക്കുന്നവയല്ലാത്ത പാർപ്പിട കെട്ടിടങ്ങളെ, മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/2024-25 തീയതി 21.06.2025) മറുപടി ലഭിച്ചില്ല.

## 1-9 പലിശരഹിത അക്കൗണ്ടിലെ തുക സമയബന്ധിതമായി മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റുന്നില്ല

ഗ്രാമപഞ്ചായത്തിലെ SBI- E Payment അക്കൗണ്ടിന്റെ 01.04.2025 തീയതിയിലെ ബാലൻസ് 1,858547.670-/രൂപയാണ്. പലിശ രഹിതമായ പ്രസ്തുത അക്കൗണ്ടിൽ നിന്നും സാമ്പത്തികവർഷത്തിൽ ഒരിക്കൽ മാത്രമാണ് 21.02.25 തീയതിയിൽ 2,0586350/-രൂപ 2.7% പലിശ നിരക്കുള്ള SBI അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്. ആയതു മൂലം പലിശ ഇനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

## 1-10 വിനോദ നികുതി - അപാകങ്ങൾ

### സിനിമ ടിക്കറ്റ് - നികുതി തുകയുടെ കൃത്യത സർക്കാർ നിർദ്ദേശപ്രകാരം ഉറപ്പാക്കുന്നില്ല

സർക്കാർ ഉത്തരവ് (കൈ) നം 112/2019/ത.സ്വ.ഭ.വ, തീയതി 31.08.2019 പ്രകാരം 100 /-രൂപയിൽ കുറവുള്ള സിനിമാ ടിക്കറ്റുകൾക്ക് 5% നിരക്കിലും, 100/-രൂപയ്ക്കു മുകളിലുള്ള ടിക്കറ്റുകൾക്ക് 8.5% നിരക്കിലും വിനോദ നികുതി ഈടാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതു വരെ സിനിമ ടിക്കറ്റുകൾ തദ്ദേശ സ്ഥാപനത്തിൽ പോയി സീൽ ചെയ്യേണ്ടതില്ലെന്നും, പകരം ചരക്ക സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനു അനുസൃതമായി, പിരിച്ച തദ്ദേശ സ്ഥാപനത്തിൽ അടവാക്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശിക്കുന്നു. ഇതു പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'ഇ മാക്സ് ' എന്ന സിനിമാ തിയറ്ററിൽ നിന്നും വിനോദ നികുതി ലഭിച്ചു വരുന്നു. ഓഡിറ്റ്

വർഷം ഈയിനത്തിൽ 34,16,414/-രൂപ വരവുണ്ട്. നികുതി പിരിവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഓരോ മാസവും തിയേറ്റർ ഉടമ ലഭ്യമാക്കുന്ന ദിവസേനയുള്ള ടിക്കറ്റ് വില്പന/കളക്ഷൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് നികുതി നിശ്ചയിച്ച് ഈടാക്കുന്നതെന്ന് വ്യക്തമാകുന്നു. മൂന്നു വ്യത്യസ്ത സ്ക്രീനുകളിലായി വില്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണമാണ് തിയറ്റർ ഉടമ സമർപ്പിക്കുന്ന റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നത്. ഈ എണ്ണത്തിന്റെ കൃത്യത എപ്രകാരം പഞ്ചായത്ത് ഉറപ്പാക്കിയെന്ന കാര്യം വ്യക്തമല്ല.

ഇ-ടിക്കറ്റിംഗ് സംവിധാനം സജ്ജമാക്കാൻ ഐ.കെ.എം. നെ സർക്കാർ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും ആയത് നിലവിലും തയ്യാറായിട്ടില്ല. സ്വകാര്യ ഇ-ടിക്കറ്റിംഗ് സംവിധാനങ്ങളും, നേരിൽ വില്പനയുമാണ് തിയറ്ററുകൾ നടത്തി വരുന്നത്. ഈ സാഹചര്യത്തിൽ തിയറ്റർ ചരക്കുസേവന നികുതി അടവാക്കിയ റിട്ടേൺ പരിശോധിച്ച് ടിക്കറ്റിന്റെ വില്പന വരുമാനത്തിന്റെ കൃത്യത ഉറപ്പാക്കുക മാത്രമാണ് സാധ്യമായിട്ടുള്ളത്.

**മറ്റു വിനോദങ്ങളുടെ നികുതി സാധ്യത പരിശോധിച്ചിട്ടില്ല**

സർക്കാർ ഉത്തരവ് കൈ 17/2024/ത.സ്വ.ഭ.വ, തീയതി: 31.01.2024 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് വിനോദ നികുതി ഈടാക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആയതിനുള്ള സാധ്യതയുണ്ടോയെന്ന് (പഞ്ചായത്ത് പരിധിയിൽ ടിക്കറ്റ് വച്ചു നടത്തപ്പെടുന്ന സ്പോർട്സ് ടൂർണ്ണമെന്റുകൾ, മേളകൾ, മറ്റു ഷോകൾ എന്നിവയുടെ സാധ്യത) പരിശോധിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം അറിയിക്കാനും, തിയറ്ററുകളുടെ ചരക്കു സേവന നികുതി റിട്ടേൺ പരിശോധിക്കുന്ന വിധത്തിൽ പഞ്ചായത്തിൽ സംവിധാനം/നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/24-25) മറുപടി ലഭിച്ചില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-11 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ചുവടെ ചേർത്ത തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| | | |
|---|---|---|
| 2019 | പുഷ്പവല്ലി, ക്ലർക്ക് | 6800/- |
| 2019 | സുസ്മിത. പി.ടി, ക്ലർക്ക് | 3000/- |
| 2021 | മധുസൂദനൻ, ക്ലർക്ക് | 6000/- |
| 2021 | ബിനീഷ് | 8000/- |
| 2022 | പ്രകാശൻ | 20000/- |

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നല്കിയ തുക ക്രമീകരിക്കാത്തതിന് വിശദീകരണം നല്കേണ്ടതും എത്രയും വേഗം നിയമാനുസൃത പലിശയടക്കം ഈടാക്കി ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്.

**1-12 അളവു രേഖപ്പെടുത്തിയതിൽ പിശക് -കരാറുകാരന് അധിക തുക അനുവദിച്ചു**

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് : കീഴ്മാട് അംഗൻവാടി നിർമ്മാണം, നം. 150/25

അടങ്കൽ : 1736389/-(936389-തനതു ഫണ്ട്, 800000/- ബ്ലോക്ക് വിഹിതം)

ചെലവ് : 1736389/-

മേൽ പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ഗോവണിയുടെ കോൺക്രീറ്റ് അളവു രേഖപ്പെടുത്തിയതിൽ പിശക് കാണുന്നു. 22 സ്റ്റെപ്പുകളുള്ള ഗോവണിയുടെ അളവു

രേഖപ്പെടുത്തിയത് താഴെ ചേർക്കും പ്രകാരമാണ്.

| |
|---|
| 11 X 1.20 X 0.3 X0.15 = 0.594$m^3$ |
| 11 X 1.20 X 0.3 X0.15 = 0.594$m^3$ |
| ആകെ = 1.188$m^3$ |

ഗോവണിയുടെ വേസ്റ്റ് സ്ലാബിന്റെ അളവ് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടെന്നിരിക്കെ സ്റ്റെപ്പുകൾക്ക് വേണ്ടി വരുന്ന കോൺക്രീറ്റ് അളവ് മേൽ കാണിച്ചതിന്റെ പകുതി മാത്രമാണ്. ഇത്തരത്തിൽ അളവിൽ ഇരട്ടിപ്പ് വന്നതിനാൽ കരാറുകാരന് 12142/-രൂപ നിരക്കിൽ 7212.35 +18%= 8510.50/-രൂപ അധികം നൽകിയിട്ടുണ്ട്. അധികം തുക നൽകിയ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് .

## 1-13 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

**പ്രൊജക്ട് നമ്പർ : 81/25.**
**നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ഹോമിയോ)**
**ഫണ്ട് : മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)**
**പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തീയതി : 920/19.12.2024**

ബിൽ നം. 470/17.1.2025 പ്രകാരം 300000/- രൂപയുടെ ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 'ഹോംകോ' യിലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിൽ 117807/- രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് രേഖകൾ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 117807/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/2024-25 തീയതി 21.06.2025) മറുപടി ലഭിച്ചില്ല.

## 1-14 വിതരണ സ്റ്റോക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

**നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ, ഗവ.എൽ.പി സ്കൂൾ**
**അടങ്കൽ : 435000/(MG-NR)**
**ചെലവ് : 430068/-**
**പ്രൊജക്ട് : വെള്ളിപ്പറമ്പ് ജി.എൽ.പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ**
**പ്രൊജക്ട് നം : 212/2025 സ്പിൽ ഓവർ)**

**സാങ്ഷൻ നമ്പർ 435/31.12.2004. തുക : 430068/-**

കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ NRO/23-24 /1152/20.03.2024 പ്രകാരം 48 സ്റ്റീൽ വുഡൻ ബെഞ്ചും ഡെസ്കും വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിതരണ, സ്റ്റോക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിതരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/2024-25 തീയതി 21.06.2025) മറുപടി ലഭിച്ചില്ല.

## 1-15 വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി ചെലവഴിച്ച താഴെ ചേർത്ത പ്രൊജക്ടുകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം. | ഫണ്ട് | ചെലവിനം | അടങ്കൽ / ചെലവ് തുക | ബിൽ നം./ സാങ്ഷൻ നമ്പർ | തുക ലഭിച്ച സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 310/25 | വികസനഫണ്ട് ജനറൽ | വൃത്തി - 2025 ദി ക്ലീൻ കേരള | 25000/- | 678/24.03.2025 | ശുചിത്വ മിഷൻ |

| | | | | | | |
|---|---|---|---|---|---|---|
| | | | കോൺക്ലേവ് | | | |
| 2 | 2/25 | വികസനഫണ്ട് ജനറൽ | ഐകെഎം വിഹിതം നൽകൽ | 159730/- | 206/22.06.2024 | ഐകെഎം |
| 3 | 133/25 | തനത് ഫണ്ട് | ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം വിഹിതം നൽകൽ | 100000/- | 648/21.03.2025 | ജില്ലാ പഞ്ചായത്ത് |
| 4 | 4/25 | തനത് ഫണ്ട് | സ്നേഹസ്പർശം - വിഹിതം | 400000/- | 542/22.02.2025 | ജില്ലാ പഞ്ചായത്ത് |

രേഖകൾ ലഭ്യമാകുന്നമുറയ്ക്ക് അറിയിക്കേണ്ടതാണ്. വിനിയോഗ രേഖകളുടെ അഭാവത്തിൽ 6,84,730/-രൂപ തടസ്സത്തിൽ വെക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 16/2024-25ല തീയതി 21.06.2025) മറുപടി ലഭിച്ചില്ല.

**1-16 രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല**

**പ്രൊജക്ട് നമ്പർ : 120/24-25.**

**പ്രൊജക്ട് : കേരളോത്സവം.**

**നിർവ്വഹണം : ഹെഡ്മിസ്ട്രസ്**

**സാങ്ഷൻ നമ്പർ : 385/28.11.2024. തുക : 100000/-**

**ഫണ്ട് : തനത് ഫണ്ട്**

**436/31.12.2024 : തുക : 50000/-**

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റിയുടെ തീരുമാനപ്രകാരം ശ്രീ. അവിനാഷ് ആനപ്പാറക്കൽ എന്നവരെ കമ്മറ്റി കൺവീനറായി നിയമിക്കുകയും മേൽപ്രകാരമുള്ള തുകകൾ ടിയാന് മുൻകൂറായി കൈമാറുകയും ചെയ്തു. ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ചെലവിന്റെ വൗച്ചറുകൾ ബന്ധപ്പെട്ടവർ പരിശോധിച്ച് അധികൃതമാക്കിയിട്ടില്ല. അതോടൊപ്പം 'പുതുമ ലൈറ്റ്&സൗണ്ട്സ് ' എന്ന സ്ഥാപനം (ശ്രീ. കോയമോൻ ) 10.12.2024 ൽ 65000/- രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ (ഉദാ: ലൈറ്റ് എണ്ണം, പന്തൽ അളവ് ) ലഭ്യമാക്കിയിട്ടില്ല. കൂടാതെ ശ്രീ.കോയമോന് തുക ബാങ്ക് അക്കൗണ്ട് മുഖേന നൽകിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. മേൽ പരാമർശങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/2024-25 തീയതി 21.06.2025) മറുപടി ലഭിച്ചില്ല.

**1-17 കൈപ്പറ്റ്, സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

**പ്രൊജക്ട് നമ്പർ: 126/25.**

നിർവ്വഹണം : ഹെഡ്മിസ്ട്രസ്

**ബിൽ നം: 707/28.03.2025**

ഫണ്ട് : തനത് ഫണ്ട്

കുറ്റിക്കാട്ടൂർ സാംസ്കാരിക നിലയത്തിലേക്ക് ഇൻവോയിസ് നം . 42,43,44/ 25.3.2025 പ്രകാരം 15000/- രൂപയുടെ പുസ്തകങ്ങൾ കറന്റ് ബുക്ക്സിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയത് വിതരണം ചെയ്തതിന്റെയും ലൈബ്രറി സ്റ്റോക്കിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം./24-25, 21.6.25} രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-18 എം സി എഫിൽ സ്ഥാപിച്ചിട്ടുള്ള മെഷിൻ പ്രവർത്തനക്ഷമമായിട്ടില്ല**

എം.സി.എഫി ലേക്ക് മെഷിൻ വാങ്ങിയത് സംബന്ധിച്ച്.

**പ്രൊജക്റ്റ് നമ്പർ : 263/24-25.**

**പ്രൊജക്റ്റ് : എം സി എഫിൽ അടിസ്ഥാന സൗകര്യമൊരുക്കൽ .**

**അടങ്കൽ : 1000000/-**

**സാങ്ഷൻ നമ്പർ : 708/28.3.2025. തുക : 300000/-**

എം.സി.എഫിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പ്രോജക്റ്റ് പ്രകാരം കൺവെയർ മെഷിൻ വാങ്ങിയതിൽ ഓഡിറ്റ് വർഷം മൂന്ന ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. 'ജെം' പോർട്ടലിൽ നിന്നും ഫയലിൽ ലഭ്യമാക്കിയിട്ടുള്ള രേഖകൾ പ്രകാരം 490,000/-രൂപയാണ് മെഷീന്റെ വിലയായി കാണിച്ചിട്ടുള്ളത്. ഇതിൽ മൂന്നലക്ഷം രൂപയാണ് നൽകിയിട്ടുള്ളത് . എം .സി.എഫിൽ സ്ഥാപിച്ചിട്ടുള്ള മെഷീൻ പരിശോധന നടത്തിയതിൽ ആയത് പ്രവർത്തനക്ഷമമായിട്ടില്ല എന്ന് കാണുകയുണ്ടായി. പ്രൊജക്റ്റ് പ്രാവർത്തികമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്. മേൽ ചേർത്ത പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത് സബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/2024-25 തീയതി 21.06.2025) മറുപടി ലഭിച്ചില്ല.

## 1-19 നിർമ്മാണ പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല – ഇൻഷ്വർ ചെയ്യാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നില്ല

നിർമ്മാണ പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റ് ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭതീയതി മുതൽ പൂർത്തീകരണ തിയ്യതി വരെയും, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് വരെയും ഉള്ള രണ്ടു ഭാഗങ്ങളിലായുള്ള ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പോളിസികളുടേയും ഒറിജിനൽ; കരാറുകാർ എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലെടുക്കുന്ന ഇൻഷ്വറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും(മിനിമം 2,00,000/-), ഇൻഷ്വറൻസ് വിശദാംശം പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി ഏൽപ്പിച്ച കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്”ലും വിവരിക്കുന്നു. ഇല്ലാത്ത പക്ഷം കരാർ തുകയുടെ 0.2% ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതാണ്.

പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ നിർവ്വഹണം നടത്തിയ (പരിശോനയ്ക്ക് വിധേയമാക്കിയ) താഴെ ചേർക്കുന്ന പ്രവൃത്തികളുടെ ഫയലുകളിൽ ഇൻഷ്വറൻസിന്റെ വിവരം ലഭ്യമാക്കുകയോ, ഈ പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകിയപ്പോൾ പിഴ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നം | പ്രവൃത്തി | കരാർ തുക | കരാറുകാരൻ | പിഴ |
|---|---|---|---|---|
| 1 | കീഴ്മാട് അംഗൻവാടി നിർമ്മാണം, നം.150/25 | 1635550/- | മുഹമ്മദ്. ഒ | 3271.1 |
| 2 | കിഴക്കേടം അംഗൻവാടി നവീകരണം, 165/25 | 381095/- | സന്ദ്രപ്.സി.പി | 762.19 |
| 3 | കളരിപ്പറായിൽ മുപ്രക്കുന്ന് റോഡ്, കപ്പടപ്പറമ്പത്ത് കോരങ്ങാട്ട് റോഡ്, 85/25 | 494004/- | കിഷോർ.പി.ഇ | 988 |

സർക്കാർ നിർദ്ദേശ പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നവർ പ്രവൃത്തി ഇൻഷ്വർ ചെയ്യാത്ത സാഹചര്യവും, ഇൻഷ്വറൻസ് എടുക്കാത്തവരിൽ നിന്നും പിഴ ഈടാക്കാത്ത സാഹചര്യവും വിശദീകരിക്കേണ്ടതും, മേൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/2024-25 തീയതി 20.06.2025) മറുപടി ലഭിച്ചില്ല.

## 1-20 ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് അർഹമായ മുഴുവൻ ധനസഹായം നൽകുന്നില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി എല്ലാ വർഷവും നടപ്പാക്കി വരുന്ന പദ്ധതിയാണ് ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും എന്നത്. ഓഡിറ്റ് വർഷത്തിൽ രണ്ടു വ്യത്യസ്ത പദ്ധതികളിലായി ആകെ 43,02,400/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കും, ഡേ കെയറിൽ പോകുന്നതും ഇല്ലാത്തതുമായവർക്കും അവർക്കഹമായ പരമാവധി ധനസഹായം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധ കൊടുത്തിട്ടുള്ളതായി കണ്ടു. എന്നാൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും, വാർഷിക ബത്തയും മാത്രമാണ് നൽകി വരുന്നത്. ഇത്തരം വിദ്യാർഥികളിൽ ചലന വൈകല്യമുള്ളവർക്ക് അനുവദിക്കാവുന്ന യാത്രാബത്ത നൽകുന്നില്ല. ഇത്തരം വിദ്യാർഥികൾ സ്കൂളിൽ പോകുന്ന മാസങ്ങളിൽ 400/-രൂപ വീതം യാത്രാബത്തയായി അനുവദിക്കാവുന്നതോ, അല്ലെങ്കിൽ യഥാർത്ഥ ചെലവ് സ്ഥാപനത്തിനു നൽകാവുന്നതോ ആണ്. പഞ്ചായത്ത് പരിധിയിൽ ഈ യാത്രാബത്തയ്ക്ക് അർഹരായ വിദ്യാർഥികളുണ്ടെന്ന് പലരുടേയും മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഈ വിഭാഗം വിദ്യാർഥികൾക്ക് അർഹമായ മുഴുവൻ തുകയും നൽകാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതും, ഈ വിഭാഗക്കാർക്ക് അർഹമായ മുഴുവൻ തുകയും ലഭ്യമാകും വിധം തുടർവർഷങ്ങളിൽ പദ്ധതി നിർവ്വഹണം നടത്താൻ ശ്രമമുണ്ടാകേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/2024-25 തീയതി 21.06.2025) മറുപടി ലഭിച്ചില്ല.

## 1-21 തെരുവുവിളക്ക് രജിസ്റ്റർ പരിപാലനത്തിലെ ന്യൂനതകൾ

2024-25 ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്തിലെ തെരുവുവിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കൃത്യമായ കണക്ക് സൂക്ഷിച്ചതായി കാണുന്നില്ല. മുൻപ് രേഖപ്പെടുത്തിപഴയ രജിസ്റ്ററാണ് ലഭ്യമാക്കിയിട്ടുള്ളത്. 2024-25 ൽ സ്ഥാപിച്ചതുൾപ്പെടെ മുൻവർഷങ്ങളിലുള്ളവ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. കൂടാതെ തെരുവ് വിളക്ക് എനർജി ചാർജ് ഡിമാന്റ് നോട്ടീസ് പ്രകാരം എത്ര തെരുവിളക്കുകൾ ഏതു നിരക്കിലാണ് കെ.എസ്.ഇ.ബി പ്രസ്തുത ചാർജ്ജ് ഈടാക്കിയത് എന്നതിന്റെ വിശദാംശങ്ങളും കെ.എസ്.ഇ.ബി ൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വാർഡ് തിരിച്ച് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ രേഖപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/2024-25 തീയതി 21.06.2025) മറുപടി ലഭിച്ചില്ല.

## 1-22 അംഗൻവാടികൾക്ക് ഫർണിച്ചർ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

**നിർവ്വഹണം : ഐ.സി.ഡി.എസ്. സൂപ്പർവൈസർ**

**പ്രൊജക്റ്റ് നമ്പർ : 141/25**

**അടങ്കൽ : 2,00,000/-(സംരക്ഷണ ഗ്രാന്റ് റോഡിതരം)**

**ചെലവ് : 2,00,000/-**

പഞ്ചായത്തിലെ വിവിധ അംഗൻവാടികൾക്ക് ആവശ്യമായ റാക്ക്, ടേബിൾ, അലമാര, കസേര, ബേബിചെയർ, ഫുഡ് സ്റ്റോറേജ് കണ്ടെയ്നർ എന്നിവ വാങ്ങുന്നതിനാണ് ഈ പ്രൊജക്റ്റ്. സർക്കാർ അംഗീകൃത സ്ഥാപനമായ 'ആർട്കോ' യിൽ നിന്നും വാങ്ങുന്നതിന് പ്രൊജക്റ്റിൽ തന്നെ രേഖപ്പെടുത്തലുകൾ നടത്തിയ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ ആർട്കോയുടെ മൂന്നു വ്യത്യസ്ത ഔട്ട്ലെറ്റുകളിൽ നിന്നും ക്വട്ടേഷനുകൾ സ്വീകരിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ പാലക്കാട് ഔട്ട് ലെറ്റിൽനിന്നും അലമാരയും, ഫുഡ് സ്റ്റോറേജ് കണ്ടെയ്നറുകളും ഒഴികെയുള്ളവ വാങ്ങി. സാധന സമാഹരണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങളിൽ വ്യക്തത ലഭ്യമാക്കേണ്ടതാണ്.

I) സർക്കാർ അംഗീകൃതമായ നിരവധി സ്ഥാപനങ്ങളുണ്ടായിരിക്കെ വില താരതമ്യം നടത്താതെ ആർട്കോയിൽ നിന്നും സാമഗ്രികൾ വാങ്ങുന്നതിന് പ്രൊജക്റ്റ് രൂപീകരണ ഘട്ടത്തിൽ തന്നെ തീരുമാനമുണ്ടായതിന്റെ അടിസ്ഥാനം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

II) ടെണ്ടർ നടപടികൾ കൂടാതെ ഈ സ്ഥാപനത്തിൽ നിന്നും ഫർണീച്ചറുകൾ വാങ്ങുന്നതിന്/പ്രവൃത്തികൾ നടത്തുന്നതിന് ഓരോ വർഷവും സർക്കാർ അനുമതി നൽകുന്നുണ്ട്. സർക്കാർ അനുമതി നൽകികൊണ്ടുള്ള ഉത്തരവിന്റെ അനുബന്ധമായി ഇത്തരത്തിൽ വാങ്ങാവുന്ന സാമഗ്രികളുടെ/സേവനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രൊജക്ടിൽ വാങ്ങിയ ഫർണീച്ചറുകളിൽ ഭൂരിഭാഗവും സർക്കാർ വില നിശ്ചയിച്ചിട്ടില്ലാത്തവയാണ്. പ്രൊജക്ടിൽ വാങ്ങിയ പ്ലാസ്റ്റിക് കസേര വലുത്, ബേബി ചെയർ എന്നിവ മേൽ സർക്കാർ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവയാണ്. ആകെ 2,00,000/-രൂപയുടെ വാങ്ങൽ നടത്തിയതിൽ 1,65,932/-രൂപയും ചെലവഴിച്ചത് ഈ ഫർണീച്ചറുകൾക്കാണ്. സർക്കാർ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ ടെണ്ടർ നടപടി സ്വീകരിക്കാതെ വാങ്ങിയത് വിശദീകരിക്കേണ്ടതാണ്.

III) ഈ പ്രൊജക്ടിൽ വാങ്ങിയ വലിയ പ്ലാസ്റ്റിക് ചെയറുകൾ 'സുപ്രീം' എന്ന കമ്പനിയുടേതും, ബേബി ചെയറുകൾ 'ലിറ്റിൽ ഫിൻഗേഴ്സ്' എന്ന കമ്പനിയുടേതുമാണ്. ആർട്കോ സ്വയം നിർമ്മിക്കാത്തതും, സർക്കാർ വില നിശ്ചയിക്കാത്തതുമായ സാധനങ്ങളുടെ വിലയുടെ താരതമ്യം എപ്രകാരം നടത്തിയെന്ന് വ്യക്തമല്ല. ഓഡിറ്റ് സമയം സുപ്രീം കമ്പനിയുടെ കസേരയുടെ വില വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ പരിശോധിച്ചപ്പോൾ ആർട്കോ ഈടാക്കിയ നിരക്കിനേക്കാൾ വളരെ കുറവാണെന്ന് കാണുന്നു.

മേൽ വിവരിച്ച പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ടെണ്ടർ നടപടിയിലൂടെ നടത്തേണ്ടിയിരുന്ന വാങ്ങൽ യാതൊരു വില താരതമ്യവും നടത്താതെ വാങ്ങിയത് മൂലം പഞ്ചായത്തിന് അധിക ചെലവുണ്ടായതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/24-25)മറുപടി ലഭിച്ചില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-23 പി.എച്ച്.സി.യിലും, ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തൽ - വാങ്ങൽ നടപടികളിൽ സുതാര്യതയില്ല**

**നിർവ്വഹണം : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.**

**പ്രൊജക്ട് : 272/25**

**അടങ്കൽ : 1280390/-ഹെൽത്ത് ഗ്രാന്റ്**

**ചെലവ് : 1280390/-**

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായി നടന്നത് പി.എച്ച്.സി.യിൽ പുതുതായി പ്രവർത്തനമാരംഭിച്ച ലാബിന്റെ അടിസ്ഥാന സൗകര്യമൊരുക്കലും, അവിടേക്കാവശ്യമായ ഉപകരണങ്ങൾ, കെമിക്കലുകൾ എന്നിവയുടെ വാങ്ങലുകളുമാണ്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ലാബ് കെമിക്കലുകൾ/റീ ഏജന്റുകൾ/ദൈനം ദിന പരിശോധന സാമഗ്രികൾ എന്നിവ വാങ്ങിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് മനസ്സിലാകുന്നു. വിശദാംശംങ്ങൾ ചുവടെ കൊടുക്കുന്നു.

വിവിധ മാസങ്ങളിൽ മേൽ സാധനങ്ങൾ ഭാഗികമായി നേരിട്ട്/നേരിട്ട് വാങ്ങാൻ അനുമതിയുള്ള സ്ഥാപനങ്ങളിൽ നിന്ന്/ക്വട്ടേഷൻ സ്വീകരിച്ച് വാങ്ങുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ചെറിയ തുകയ്ക്കുള്ള വാങ്ങലുകൾ ക്വട്ടേഷൻ നടപടികളൊന്നുമില്ലാതെ നേരിട്ട് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്(മെഡ് വെൽ എന്ന സ്ഥാപനത്തിൽ നിന്നും). സർക്കാർ അനുമതി നൽകിയിട്ടുള്ള HLL, സപ്ലൈകോ, നീതി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വലിയ തുകയ്ക്കുള്ള വാങ്ങലുകളും നേരിട്ട് നടത്തിയിട്ടുണ്ട്. മറ്റു സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ സ്വീകരിച്ചും ഇത്തരം വാങ്ങൽ നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ പല വിധത്തിൽ വാങ്ങൽ നടത്തിയപ്പോൾ ഒരേ സാധനങ്ങൾ പല വിലകൾ നൽകി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| **റീഏജന്റ്** | **സ്ഥാപനം/വില** | **സ്ഥാപനം** | **വില** |
|---|---|---|---|
| SGPT | മെഡ് വെൽ കോഴിക്കോട്, | HLL Pharmacy Surgicals &Opticals, | |

| | | |
|---|---|---|
| 3x50ml | 23.10.24ലെ ഇൻവോയ്സ്<br>1150/-exclu. Gst | Calicut, 30.1.25ലെ ഇൻവോയ്സ് നം.182<br>1546/- Exclu. Gst |
| Total Protein 4x50ml | 420/- Exclu. Gst | 607/- Exclu. Gst |
| Dengue NS1 | Malabar Diagnostics ന്റെ 3.12.24 ലെ MAP7478 നം. ഇൻവോയ്സ്<br>50/- | HLL Pharmacy Surgicals &Opticals, Calicut, 20.924ലെ ഇൻവോയ്സ് നം.84<br>95.6/- |

മേൽ വിവരിച്ച വിധത്തിൽ ലാബിൽ ദൈനം ദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ/കെമിക്കലുകൾ ചെറിയ അളവിൽ പലപ്പോഴായി വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നത് പഞ്ചായത്തിന് അധിക ചെലവുണ്ടാക്കുന്നുണ്ട്.

ഇതേ പദ്ധതിയിൽ ലാബിന്റെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്ന തരത്തിൽ അലുമിനിയം പാർട്ടീഷനും, ഭിത്തിയിലും, വർക്കിംഗ് സ്ലാബിനടിയിലും കപ്-ബോർഡ് പ്രവൃത്തി നടത്തിയിട്ടുണ്ട്. ടെണ്ടർ നടപടികളൊന്നും കൂടാതെ നേരിട്ട് ഈ പ്രവൃത്തി ആർട്കോയെ ഏൽപ്പിക്കുകയാണ് ചെയ്തത്. ഇതു പ്രകാരം ആർട്കോ പ്രവൃത്തി നടത്തി തുക കൈമാറി. 07.03.2024ലെ സർക്കാർ ഉത്തരവ് GO(Rt)/30 /2024/SPD യുടെ അനുബന്ധം-VI ൽ കാണിച്ച നിരക്കിലാണ് ഈ പ്രവൃത്തികൾക്ക് ആർട്കോ തുക ഈടാക്കിയിരിക്കുന്നത്. ഈ ഉത്തരവിൽ വർക്കിംഗ് ടേബിളിനു മുകളിലെ കപ്-ബോർഡ് പ്രവൃത്തിക്കും, താഴെയുള്ള പ്രവൃത്തിയ്ക്കും വ്യത്യസ്ത നിരക്കാണുള്ളത്. എന്നാൽ ആർട്കോ നിരക്ക് കണക്കാക്കിയത് രണ്ടു പ്രവൃത്തികളിൽ കൂടിയ നിരക്കുള്ള വർക്കിംഗ് ടേബിളിനു മുകളിലെ നിർമ്മാണത്തിന്റേതാണ്(13977/$m^2$+18% GST). സർക്കാർ ഉത്തരവിൽ വർക്കിംഗ് സ്ലാബിനു താഴെയുള്ള നിർമ്മാണത്തിന് 7709/-, 7798/-എന്നീ നിരക്കുകളാണ് അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി സർക്കാർ ഉത്തരവിൽ വിവരിക്കുന്ന സ്പെസിഫിക്കേഷനിലാണോ പൂർത്തീകരിച്ചതെന്ന് പഞ്ചായത്തിലെ സാങ്കേതിക വിഭാഗം പരിശോധിച്ചിട്ടില്ല. സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം 1.95$m^2$ അളവിൽ ചെയ്ത സ്ലാബിനടിയിലെ പ്രവൃത്തിക്ക് ഉയർന്ന നിരക്ക് കണക്കാക്കിയതിനാൽ അധിക തുക കൈപ്പറ്റിയ സ്ഥിതിയുണ്ടായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിക്ക് പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ പ്രവർത്തനമോ, നിരക്ക് താരതമ്യപ്പെടുത്തി നൽകുന്ന വിധത്തിൽ ടെണ്ടർ നടപടിയോ സ്വീകരിക്കാതെ ആർട്കോയെ പ്രവൃത്തി ഏൽപ്പിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ/സ്റ്റോർ പർച്ചേസ് മാർഗ്ഗനിർദ്ദേശത്തിൽ നിർദ്ദേശിക്കും വിധം ഒരു വർഷത്തേയ്ക്കാവശ്യമായ അളവുകൾ കണക്കാക്കി സമാഹരണം നടത്താത്തതും, സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ തന്നെയാണോ പ്രവൃത്തി പൂർത്തീകരിച്ചതെന്ന് ഉറപ്പു വരുത്താതെ സ്ഥാപനത്തിന് തുക നൽകിയതും, അടിസ്ഥാന സൗകര്യമൊരുക്കാൻ ആർട്കോയെ തെരെഞ്ഞെടുത്തതും വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും(നം.7/24-25)മറുപടി ലഭിച്ചില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അപാകങ്ങൾ

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണങ്ങൾ നടത്തുന്നതായും, യഥാർത്ഥത്തിലാവശ്യമായ ഇനം പ്രൈസിൽ ലഭ്യമായിട്ടും ആയത് ഉപയോഗപ്പെടുത്താതെ മറ്റിനങ്ങളിൽ

അളവുകൾ രേഖപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**1. ഇനങ്ങൾ തെരഞ്ഞെടുക്കുന്നതിൽ അപാകത**

പ്രൊജക്ട് നം.186/25ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ 10 കോളങ്ങളുടെ നിർമ്മാണത്തിനായി കുഴിയെടുക്കുന്നതിന് ഉൾപ്പെടുത്തിയിരുന്നയിനം DSR ലെ 2.8.1എന്നതാണ് (ട്രഞ്ചസ്/ഡ്രൈനുകൾ കുഴിക്കുന്നതിനുള്ളത്). പ്രവൃത്തിയുടെ അളവു പുസ്തക പ്രകാരം 11.5X.9.5X(1.65+1.45)/2എന്ന അളവിലാണ് മണ്ണെടുത്തതെന്ന് കാണുന്നു. വലിയ ഏരിയയിൽ മണ്ണെടുത്തതിന് മേൽ ഇനത്തിലാണ് അളവു രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത്.

ഇതേ പ്രവൃത്തിയിൽ സോക്ക് പിറ്റ് നിർമ്മാണത്തിന് സോളിഡ് ബ്ലോക്ക് നിർമ്മാണത്തിനായി ഉൾപ്പെടുത്തിയത് ഇനം 50.6.1.8 എന്നതാണ്. രണ്ടാം നില വരെയുള്ള സൂപ്പർ സ്ട്രക്ച്ചറുകളുടെ നിർമ്മാണത്തിനുപയോഗപ്പെടുത്തുന്നയിനമാണിത്. ഫൗണ്ടേഷൻ നിരപ്പിൽ ചെയ്യുന്ന ഈ പ്രവൃത്തിക്ക് മേൽ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

**2. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം**

പ്രൊജക്ട് നം.179/25 തുമ്പൂർമുഴി നിർമ്മാണത്തിൽ ഷെഡിലേയ്ക്കുള്ള റാമ്പിൽ ടൈൽ പാകുന്നതിന് ഉൾപ്പെടുത്തിയത് ഇനം 11.19.2ആണ്. 22Mm കനത്തിലുള്ള മാർബിൾ ചിപ്പോടു കൂടിയ ചെക്കേർഡ് ടെറാസോ ടൈലുകളാണ് ഇതിലുൾപ്പെട്ടിട്ടുള്ളത്. എന്നാൽ സൈറ്റിൽ യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തിയത് മാർബിൾ ചിപ്സ് ഇല്ലാത്ത തരം ചെക്കേർഡ് ടൈലുകളാണ്.

ഇതേ പ്രവൃത്തിയിൽ 110mmവ്യാസമുള്ള PVC പൈപ്പിന്റെ പ്രവൃത്തിയ്ക്കായി (വെയ്സ്റ്റ് ബിന്നിൽ നിന്നുള്ള ഡ്രൈൻ സംവിധാനമൊരുക്കുന്നതിന്) ഉൾപ്പെടുത്തിയത് ഇനം 50.18.8.9.1എന്നതാണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ഭിത്തികളിൽ Chases നിർമ്മിച്ച് പൈപ്പിട്ട് തിരികെ പൂർവ്വ സ്ഥിതിയിലാക്കുന്ന പ്രവൃത്തിയ്ക്കുള്ളതാണ്. എന്നാൽ ഈ പദ്ധതിയിൽ സോക്ക് പിറ്റിലേക്കുള്ള പൈപ്പിടലാണ്(മണ്ണിലൂടെ) നടത്തിയിരിക്കുന്നത്. ഇത്തരം പ്രവൃത്തിയ്ക്ക് ഇനം 50.18.8.9.1. ലഭ്യമാണ്.

മേൽ വിവരിച്ച രീതിയിൽ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണങ്ങൾ നടത്തിയിട്ടും എസ്റ്റിമേറ്റിലെ ഇനത്തിൽ തന്നെ അളവു രേഖപ്പെടുത്തുന്നതും, യഥാർത്ഥത്തിലാവശ്യമായ ഇനം പ്രൈസിൽ ലഭ്യമായിട്ടും ആയത് ഉപയോഗപ്പെടുത്താതെ മറ്റിനങ്ങൾ എസ്റ്റിമേറ്റിലുൾപ്പെടുത്തുന്നതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/24-25) മറുപടി ലഭിച്ചില്ല. അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-25 എക്സ്ട്രായിനങ്ങളുടെ നിരക്ക് കണക്കാക്കിയതിൽ പിശക്- പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്**

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ പലതും എസ്റ്റിമേറ്റ് പുതുക്കി, അളവിൽ മാറ്റം വരുത്തിയും, പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിയുമാണ് നിർവ്വഹണം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ, എക്സ്ട്രായിനത്തിന്റെ നിരക്ക് പ്രൈസിൽ ഓട്ടോമാറ്റിക് ആയി കണക്കുകൂട്ടുന്ന വിധത്തിലാണുള്ളത് (കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്, LMRനിരക്ക്, ടെണ്ടർ വേരിയേഷൻ നിരക്ക് എന്നിവ താരതമ്യപ്പെടുത്തി). എന്നാൽ എക്സ്ട്രായിനത്തിൽ മാർക്കറ്റ് റേറ്റ് ഉൾപ്പെടുന്ന സംഗതികളിൽ നിരക്ക് നിശ്ചയിച്ചതിൽ (ടെണ്ടർ വേരിയേഷൻ കണക്കാക്കിയതിൽ) പിശക് കാണുന്നു.

പ്രൊജക്ട് നമ്പർ 186/25 'ടേക്ക് എ ബ്രേക്ക് ' നിർമ്മാണം എന്നതിൽ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന റെഡിമെയ്ഡ് സെപ്റ്റിക് ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് പുതിയ ഇനം ഉൾപ്പെടുത്തി (51.19 ST4 ഫ്ലഷ് കപ്പാസിറ്റി 35-50). ഈയിനത്തിന്റെ നിരക്ക് 41156.29/-രൂപയാണ്. ഈ പ്രവൃത്തി കരാറുകാരൻ ഏറ്റെടുത്തത് 9.13% കുറഞ്ഞ നിരക്കിലാണ്. ഈയിനത്തിന്റെ നിരക്ക് കണക്കാക്കുമ്പോൾ 41156.29/-രൂപയുടെ 9.13% കുറവ് തുക 3757.57കണക്കാക്കുന്നതിനു പകരം

152.04/-രൂപ മാത്രമാണ് കുറച്ചിട്ടുള്ളത് (കോസ്റ്റ് ഇൻഡ്ക്സ് കണക്കാക്കുന്ന വിധത്തിൽ ടാങ്കിന്റെ മാർക്കറ്റ് വില മാറ്റി നിർത്തിയ നിരക്കിനാണ് ടെണ്ടർ കുറവ് കണക്കാക്കിയത്). അതായത് കരാറുകാരന് 37398.72/-രൂപ നൽകേണ്ടതിനു പകരം 41004.25/-രൂപ നൽകി (ആകെ അധികം 3605.53+649GST).

ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയ പല പദ്ധതികളിലും ഇത്തരത്തിൽ സംഭവിച്ചിട്ടുണ്ട്. തെറ്റായ രീതിയിൽ ടെണ്ടർ കുറവ് കണക്കാക്കുന്നതിന്റെ മാനദണ്ഡം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. തെറ്റായി നിരക്ക് നിശ്ചയിച്ചതു മൂലം കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/2024-25 തീയതി 20.06.2025) മറുപടി ലഭിച്ചില്ല.

## 1-26 ജൽജീവൻ പദ്ധതി - നാളിതു വരെ തുക കൈമാറിയില്ല -പദ്ധതി പുരോഗതി വിവരം ലഭ്യമല്ല

ഇന്ത്യയിലെ എല്ലാ വീടുകളിലും വ്യക്തിഗത ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) വഴി സുരക്ഷിതമായതും ആവശ്യത്തിനുമുള്ള കുടിവെള്ളം എത്തിക്കുക എന്നതാണ് ജൽ ജീവൻ മിഷൻ (JJM) വിഭാവനം ചെയ്തിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി പെരുവയൽ ഗ്രാമപഞ്ചായത്തിനായി തയ്യാറാക്കിയിട്ടുള്ളത് 1400 ലക്ഷത്തിന്റെ (14കോടി) എസ്റ്റിമേറ്റാണ്(DPR). ഇതിൽ പഞ്ചായത്തിന്റെ വിഹിതം 15% തുക 2.1 കോടിയും, ഗുണഭോക്തൃ വിഹിതം 10% തുക 1.4 കോടിയുമാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇംപ്ലിമെന്റ് സപ്പോർട്ട് ഏജൻസിയായ "മിറർ, സെന്റർ ഫോർ സോഷ്യൽ ചെയ്ഞ്ച്, വയനാട്" എന്ന സ്ഥാപനവുമായി 16.01.2021ന് ത്രികക്ഷി കരാർ ചമച്ചിട്ടുണ്ട് (എഗ്രിമെന്റ് നം.7/2021). 18മാസമാണ് കരാർ കാലാവധി. പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പരിശോധന നടത്തിയതിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

I) മേൽ കരാറിന്റെ അനുബന്ധം എ പ്രകാരം സ്ഥാപനം പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങൾ/മൈൽസ്റ്റോൺസിനെ സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള ഏതെല്ലാം പ്രവർത്തനങ്ങൾ പഞ്ചായത്തിൽ പൂർത്തീകരിച്ചുവെന്നും, ഈയിനത്തിൽ എത്ര തുക സ്ഥാപനത്തിന് കൈമാറുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടെന്ന വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

II) മേൽ എസ്റ്റിമേറ്റ് പ്രകാരം പഞ്ചായത്ത് വകയിരുത്തേണ്ട/കൈമാറേണ്ട തുകയ്ക്കായി നാളിതുവരെയായി പദ്ധതികൾ രൂപീകരിക്കുകയോ തുക കൈമാറുകയോ ചെയ്തിട്ടില്ല. ആയതിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

III) ജൽജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് വിഹിതം അടവാക്കുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകാനായി മിഷൻ ഡയറക്ടർ 20.02.2025 തിയതിയിലെ KWA - JB/1200/2025 - F1 (A) KWA നമ്പർ കത്ത് മുഖേന പഞ്ചായത്ത് പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കത്ത് പഞ്ചായത്ത് ഭരണസമിതിയുടെ 22.03.2025-ലെ യോഗത്തിൽ ചർച്ച ചെയ്യുകയും, ജൽജീവൻ മിഷൻ പഞ്ചായത്തിൽ പൂർത്തീകരിച്ച പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് അടവാക്കേണ്ട തുക അറിയിച്ചു തരുന്നതിനും ഗുണഭോക്തൃവിഹിതം എങ്ങനെ സ്വീകരിക്കണമെന്ന് വ്യക്തത വരുത്തുന്നതിനും ബന്ധപ്പെട്ടവർക്ക് കത്ത് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്(തീരുമാനം നം.4/1). ഇതിന്റെ തുടർപ്രവർത്തനങ്ങളുടെ വിവരം ലഭ്യമായിട്ടില്ല.

ജൽജീവൻ മിഷന്റെ കണക്കുകൾ പ്രകാരം(www.kwa.kerala.gov.in, 24.06.2025 ലെ സ്ഥിതി) പെരുവയൽ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കും വിധമാണ്.

| | | | |
|---|---|---|---|
| ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | 12056 | | |
| ഭരണാനുമതി തുക | 4058.24ലക്ഷം | | |
| ആകെ ഗ്രാമീണ വീടുകൾ | 10585 | | |
| ജൽജീവനു മുമ്പുണ്ടായിരുന്ന കണക്ഷൻ(1.4.20 നു മുമ്പ്) | 129 | | |
| ജൽജീവൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | 8278 | 2021-22 | 3097 |
| | | 2022-23 | 3280 |

| | |
|---|---|
| 2023-24 | 1150 |
| 2024-25 | 164 |
| 2025-26 നാളിതുവരെ | 587 |

മേൽ കണക്കുകളിൽ നിന്നും പഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ പ്രവൃത്തികൾ വളരെ മുന്നിലാണെന്ന് വ്യക്തമാണ്. മിഷന്റെ കണക്കുകളിൽ 'ഗ്രീൻ' സ്റ്റാറ്റസ് ആണ് പഞ്ചായത്തിന്റേത്. ഈ പദ്ധതിയിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്കാനുപാതികമായ വിഹിതം പഞ്ചായത്തും, ഗുണഭോക്താക്കളും വഹിക്കേണ്ടതുണ്ട്/കൈമാറേണ്ടതുണ്ട്. ഇത്തരത്തിൽ നൽകേണ്ട തുകയുടെ കൃത്യമായ വിവരവും, ഈ തുക എപ്രകാരം നൽകാൻ ഉദ്ദേശിക്കുന്ന വിവരവും അറിയിക്കേണ്ടതാണ്.

## 1-27 ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ അവ്യക്തത

അസി.എഞ്ചിനീയർ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ചില സന്ദർഭങ്ങളിൽ ഒബ്സേർവ്ഡ് ഡാറ്റകൾ തയ്യാറാക്കി ഉൾപ്പെടുത്തി വരുന്നു. ഇത്തരത്തിൽ ഉൾപ്പെടുത്തി വരുന്ന ഒരിനമാണ് ഷീറ്റ് റൂഫിംഗിനായി ഉൾപ്പെടുത്തുന്ന OD. DSRൽ ലഭ്യമായ 12.1.1 എന്നയിനത്തിന്റെ മോഡിഫൈഡ് ഡാറ്റയെന്ന വിധമാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ, ഇത് തയ്യാറാക്കാൻ അടിസ്ഥാനമാക്കിയ മാനദണ്ഡത്തിൽ അവ്യക്തത കാണുന്നു. പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ വിവിധ പ്രവൃത്തികളിൽ ഷീറ്റ് റൂഫിംഗിനായി ഈയിനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. (ഉദാഹരണം: പ്രോജക്ട്.നം.180/25 - വിവിധ അംഗൻവാടികളിൽ കോമ്പൗണ്ട് വാൾ, ഷീറ്റ്, ഇന്റർലോക്ക് പദ്ധതിയിലെ OD 139124/2023-2024).

Corrugated GS Sheet ഉപയോഗിച്ചുള്ള റൂഫിംഗിനുള്ളതാണ് DSR-ലെ ഇനം 12.1.1 എന്നത്. ഇതിന്റെ ഡാറ്റ പരിശോധിച്ചാൽ 184.518$m^2$ വിസ്തൃതിയിൽ റൂഫിംഗ് ചെയ്യാൻ വേണ്ടി വരുന്ന GS Sheet ന്റെ ഭാരം ക്വിന്റൽ അളവിൽ കണക്കാക്കി (2.5m നീളവും, 0.9m വീതിയുമുള്ള 19.35 Kg ഭാരം വരുന്ന ഷീറ്റുകൾ) ഇവയുപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിനുള്ള സാമഗ്രികളും, ഉയർന്ന ഭാരമുള്ള ഷീറ്റുകൾ കൈകാര്യം ചെയ്യുന്നതിനും, ഷീറ്റുകൾ പെയിന്റിംഗ് ചെയ്യുന്നതിനും വേണ്ടി വരുന്ന മനുഷ്യാധ്വാനവും ഉൾപ്പെടുത്തി തയ്യാറാക്കിയതാണെന്ന് മനസ്സിലാകുന്നു.

എന്നാൽ പഞ്ചായത്തിൽ വിവിധ പദ്ധതികളിൽ ഷീറ്റ് റൂഫിംഗിനായി തയ്യാറാക്കിയ OD പരിശോധിച്ചാൽ 0.35 Mm കനമുള്ള പൗഡർ കോട്ടഡ് ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് 184.518$m^2$ വിസ്തൃതിയിൽ പ്രവൃത്തി നടത്തുന്നതിന് വേയ്സ്റ്റേജ്, ഓവർലാപ്പിംഗ് എന്നിവയ്ക്കായി 30% ഓളം അധികം കണക്കാക്കിയിരിക്കുന്നതായി കാണുന്നു. അതായത് 184.518$m^2$ വിസ്തൃതി നിർമ്മാണത്തിന് 240.408$m^2$ ഷീറ്റിന്റെ വില ഉൾപ്പെടുത്തിയാണ് നിരക്ക് കണക്കാക്കിയിരിക്കുന്നത്. കൂടാതെ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന മനുഷ്യാധ്വാനം 12.1.1ൽ വിവരിച്ച ഉയർന്ന ഭാരമുള്ള ഷീറ്റ് കൈകാര്യം ചെയ്യുന്നതിനുള്ളതാണ് (പെയിന്റിംഗിനുള്ള ലേബർ ഒഴിവാക്കി). DSRൽ ഇനം 12.50 (0.5mm Precoated GI Profile Sheet), 51.20(0.35mm Precoated GI Profile Sheet) എന്നിവയായി സമാനമായ പ്രവൃത്തികളുടെ ഇനമുണ്ട്. ഈ രണ്ടിനങ്ങളിലും 216.14$m^2$ വിസ്തൃതിയിലുള്ള പ്രവൃത്തിയ്ക്ക് 233.65$m^2$ ഷീറ്റിന്റെ നിരക്കാണ് കണക്കാക്കിയിട്ടുള്ളത്. അതായത് 8% വർധനവ് മാത്രം. ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്ന മനുഷ്യാധ്വാനവും കുറവാണെന്ന് കാണാം.

മുകളിൽ വിവരിച്ച രീതിയിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കുന്നതിന് ഇനം 12.1.1 അടിസ്ഥാനപ്പെടുത്താനുണ്ടായ സാഹചര്യവും, ഷീറ്റിന്റെയും, മനുഷ്യാധ്വാനത്തിന്റെയും അളവ് കൂടുതലായി ഉൾപ്പെടുത്തിയതും വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/2024-25 തീയതി 20.06.2025) മറുപടി ലഭിച്ചില്ല.

## 1-28 അതിദരിദ്രർക്ക് മരുന്നും ലാബ് ടെസ്റ്റും - വിനിയോഗ വിവരം ലഭ്യമല്ല

**നിർവ്വഹണം : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.**

**അടങ്കൽ : 50,000/- വികസനഫണ്ട് ജനറൽ**

**ചെലവ് : 50,000/-**

ഈ പ്രൊജക്ട് പ്രകാരം അതിദരിദ്ര വിഭാഗത്തിൽ പെടുന്ന വ്യക്തികൾക്ക് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. വിവിധ ബില്ലുകളിലായി സപ്ലൈകോ, നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നു നേരിട്ട് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും വാങ്ങിയിരിക്കുന്നത് ശ്വാസകോശ, ഹൃദ്രോഗ സംബന്ധമായ രോഗങ്ങൾക്കുപയോഗിക്കുന്ന (ഇൻഹേലറുകൾ, രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവയ്ക്കുള്ള മരുന്നുകൾ) മരുന്നുകളാണ്. ഈ മരുന്നുകൾ ആരോഗ്യ വകുപ്പിന്റെ DDMS സംവിധാനത്തിൽ സ്റ്റോക്കിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഇവയുടെ തുടർന്നുള്ള ഉപയോഗം മനസ്സിലാക്കാൻ സാധിക്കും വിധമുള്ള സംവിധാനം നിലവിലില്ല. പ്രത്യേത പരിഗണനയിൽ സേവനം നൽകേണ്ട വിഭാഗത്തിനു വേണ്ടി വാങ്ങുന്ന മരുന്നുകൾ ഈ വിഭാഗത്തിനു തന്നെ ഉപയോഗപ്പെടുത്തുണ്ടെന്ന് ഉറപ്പാക്കാനായിട്ടില്ല. അതിദരിദ്രരുടെ ലിസ്റ്റ് ഗുണഭോക്താക്കളായി പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ടെങ്കിലും ഇതിൽ ഏതൊക്കെ വ്യക്തികൾക്ക് ഏതൊക്കെ മരുന്നുകളാണ് ഉപയോഗപ്പെടുത്തിയതെന്ന് വ്യക്തമല്ല.

മരുന്നിന്റെ ഉപയോഗം ഉറപ്പാക്കാൻ സാധിക്കും വിധം രേഖകൾ സൂക്ഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും, മരുന്നിന്റെ വിതരണ വിവരം അറിയിക്കേണ്ടതുമാണ്.

## 1-29 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

**ആമുഖം**

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂളിൽ, ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഡിസ്പെൻസറികൾ, കുടുംബക്ഷേമം എന്നിവയുൾപ്പെടെയുള്ള ആരോഗ്യവും ശുചിത്വവും പഞ്ചായത്തുകൾക്കായി പട്ടികപ്പെടുത്തിയിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അതിന്റെ അന്തിമ റിപ്പോർട്ടിന്റെ അധ്യായം 7 (തദ്ദേശ സർക്കാരുകളെ ശാക്തീകരിക്കൽ) പ്രകാരം 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 4,27,911/- കോടി രൂപയുടെ മൊത്തം ഗ്രാന്റ് ശുപാർശ ചെയ്തിട്ടുണ്ട്, ഇതിൽ 70,051/- കോടി രൂപയുടെ ഗ്രാന്റുകൾ പ്രാഥമിക ആരോഗ്യ സംരക്ഷണ തലത്തിലെ ആരോഗ്യ സംരക്ഷണ സംവിധാനത്തിലെ നിർണായക വിടവുകൾ ശക്തിപ്പെടുത്തുന്നതിനും നികത്തുന്നതിനുമായി നൽകാൻ കമ്മീഷൻ തീരുമാനിച്ചു. ആയതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ൽ 15(2) FC-XV/FCD/20-25 മാർഗ്ഗ രേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരം ആറു സ്കീമുകളായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളിൽ 09.08.2023 ലെ സ.ഉ(സാധാ) നം. 1625/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിടങ്ങൾ ഇല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം പണിയുക (സ്കീം 1)

2) ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3)

3) ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (സ്കീം 4)

**ലഭ്യത - വിനിയോഗം**

പി.എച്ച്.സി പെരുവയൽ, 4 ഉപകേന്ദ്രങ്ങൾ എന്നിവയാണ് പെരുവയൽ ഗ്രാമ പഞ്ചായത്തിനു കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ.

വിവിധ വർഷങ്ങളിലെ ഹെൽത്ത് ഗ്രാന്റ് ലഭിച്ചത് വിനിയോഗിച്ച് ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സ്കീം (1) പ്രകാരം തുക ലഭിച്ചിട്ടില്ല.

| 2021-22 വർഷത്തെ ഹെൽത്ത് ഗ്രാന്റ് | | | | | | |
|---|---|---|---|---|---|---|
| സ്കീം | ലഭ്യമായ തുക | ആവിഷ്കരിച്ച പദ്ധതികൾ | | | | |
| | | സാമ്പത്തിക വർഷം | പേര് | നമ്പർ | അടങ്കൽ | ചെലവ് |
| സ്കീം 3 | 236447 | 22-23 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 278 | 236447 | 23447 |
| സ്കീം 4 | 110000 | 22-23 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 281 | 110000 | 110000 |

| 2022-23 വർഷ3ത്തെ ഹെൽത്ത് ഗ്രാന്റ് | | | | | | |
|---|---|---|---|---|---|---|
| സ്കീം | ലഭ്യമായ തുക | ആവിഷ്കരിച്ച പദ്ധതികൾ | | | | |
| | | സാമ്പത്തിക വർഷം | പേര് | നമ്പർ | അടങ്കൽ | ചെലവ് |
| സ്കീം 3 | 1353000 | 23-24 | എഫ്.എച്ച്.സി കേന്ദ്രങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 278 | 1353000 | 1353000 |
| സ്കീം 4 | 540000 | 23-24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 281 | 540000 | 540000 |

| 2023-24 വർഷത്തെ ഹെൽത്ത് ഗ്രാന്റ് | | | | | | |
|---|---|---|---|---|---|---|
| സ്കീം | ലഭ്യമായ തുക | ആവിഷ്കരിച്ച പദ്ധതികൾ | | | | |
| | ലഭ്യമായ തീയതി | സാമ്പത്തിക വർഷം | പേര് | നമ്പർ | അടങ്കൽ | ചെലവ് |
| സ്കീം 3 | 565000 | 24-25 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 278 | 565000 | 11350 |
| സ്കീം 4 | 860000 | 24-25 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും, ഉപകേന്ദ്രങ്ങളിലും, ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 281 | 860000 | 0 |

പെരുവയൽ കുടുംബാരോഗ്യകേന്ദ്രം, ഉപകേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. നാളിതുവരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി 1600797/- രൂപ ചെലവഴിച്ചിട്ടുണ്ട്. ലാബ് നവീകരണം, ടെസ്റ്റുകളുടെ സാമ്പിൾസ് മുകൾത്തട്ടിലുള്ള ലാബിലേക്ക് നൽകൽ, റീഏജന്റ് പരിശോധന കിറ്റ് വാങ്ങൽ ആശുപത്രി ഉപകരണങ്ങളുടെ റിപ്പയറും മെയിന്റനൻസും, ലാബ് സജ്ജീകരണം എന്നീ പദ്ധതികളാണ് മേൽ തുക ചെലവഴിച്ച് നടപ്പാക്കിയത്. സ്കീം 4 പ്രകാരം ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കായി നാളിതുവരെ 650000/-രൂപ

ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി പി.എച്ച്.സി യിലേക്കും ഉപകേന്ദ്രത്തിലേക്കും ഉപകരണങ്ങൾ വാങ്ങൽ, സ്റ്റാഫ് പരിശീലനം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2023-24 വർഷത്തെ ഗ്രാന്റ് തുക 2025 മാർച്ച് മാസത്തിലാണ് ലഭ്യമായത്. ആയതിനാൽ 2024-25 ൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2025-26 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

**ഫലപ്രാപ്തി, നിർദ്ദേശങ്ങൾ**

സ്കീം 3 മുഖേന ലാബ് ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങിയതുവഴി കുടുംബാരോഗ്യ കേന്ദ്രത്തിലെ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

31-08-2022 തീയതിയിലെ സ.ഉ.(സാധാ) നം.2132/2022/LSGD ഖണ്ഡിക 2.4 പ്രകാരം ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ മുഖേന ചുവടെ ചേർത്തിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

I) ആരോഗ്യ വർദ്ധക സേവനങ്ങൾ- ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

Ii) രോഗപ്രതിരോധ പ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ

Iii) വാർഷിക ആരോഗ്യ പരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

Iv) പ്രാഥമിക രോഗ ചികിത്സാ സൗകര്യങ്ങൾ

V) ദീർഘ കാല രോഗങ്ങൾ ഉള്ളവർക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

Vi) രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ.

എന്നാൽ സ്കീം 4 പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ മേൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമായവയല്ല. ഹെൽത്ത് ഗ്രാന്റ് മുഖേന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ 31-08-2022 തീയതിയിലെ സ.ഉ.(സാധാ) നം.2132/2022/LSGD പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിവിധ സ്കീമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുന്നവയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അളവു രേഖപ്പെടുത്തിയതിൽ പിശക് - കരാറുകാരന് അധിക തുക അനുവദിച്ചു

**നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ**

**പ്രോജക്ട് : കീഴ്മാട് അംഗൻവാടി നിർമ്മാണം, നം. 150/25**

**അടങ്കൽ : 1736389/-(936389/- തനതുഫണ്ട്, 800000/- ബ്ലോക്ക് വിഹിതം)**

**ചെലവ് : 1736389/-**

മേൽ പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ഗോവണിയുടെ കോൺക്രീറ്റ് അളവു രേഖപ്പെടുത്തിയതിൽ പിശക് കാണുന്നു. 22 സ്റ്റെപ്പുകളുള്ള ഗോവണിയുടെ അളവു രേഖപ്പെടുത്തിയത് താഴെ ചേർക്കും പ്രകാരമാണ്.

| |
|---|
| 11 X 1.20 X 0.3 X0.15 = 0.594$m^3$ |
| 11 X 1.20 X 0.3 X0.15 = 0.594$m^3$ |
| ആകെ = 1.188$m^3$ |

ഗോവണിയുടെ വേസ്റ്റ് സ്ലാബിന്റെ അളവു പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടെന്നിരിക്കെ സ്റ്റെപ്പുകൾക്ക് വേണ്ടി വരുന്ന കോൺക്രീറ്റ് അളവ് മേൽ കാണിച്ചതിന്റെ പകുതി മാത്രമാണ്. ഇത്തരത്തിൽ അളവിൽ ഇരട്ടിപ്പ് വന്നതിനാൽ കരാറുകാരന് 12142/-രൂപ നിരക്കിൽ 7212.35 +18%= 8510.50/-രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/2024-25 തീയതി 20.06.2025) മറുപടി ലഭിച്ചില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

ഓഡിറ്റു വർഷത്തെ റഗുലർ ജീവനക്കാരുടെ പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരം (1.04.2024 ന ശേഷം സേവനത്തിൽ പ്രവേശിച്ചവരുടേതൊഴികെ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 18 | 147000 | 147000 | 0 | |

**മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഏപ്രിൽ | 6500 | 6500 | 0 | |

**മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|

| | ഉൾപ്പെടെ)** | | | |
|---|---|---|---|---|
| 0 | 0 | 0 | 0 | |

**മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഫെബ്രുവരി | 1000 | 1000 | 0 | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2024-25 | 11-06-2025 മുതൽ 21-06-2025 വരെ | ഈ റിപ്പോർട്ടിന്റെ അതേ നമ്പറും തീയതിയും |

## 4-3 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 126000 | സ്ഥിരം നെൽ കൃഷി വികസനം, വിത്ത്, കൂലിച്ചെലവ് | 126000 |
| | 2024-25 | 12800 | കതിരണി തരിശു നെൽ കൃഷി വികസനം | 12800 |
| | 2024-25 | 1050000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 1050000 |
| | 2024-25 | 800000 | കീഴ്മാട് അങ്കണവാടി നിർമ്മാണം | 800000 |
| | 2024-25 | 1152400 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 1152400 |
| | 2024-25 | 415222 | ഖാദിബോർഡ് അങ്കണവാടി അറ്റകുറ്റപ്പണി | 415222 |
| | 2024-25 | 200007 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200007 |
| | 2024-25 | 111000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 111000 |
| **ആകെ** | | **3867249** | | **3867249** |
| ജില്ലാ പഞ്ചായത്ത് | 2024-25 | 147000 | സ്ഥിരം നെൽ കൃഷി വികസനം, വിത്ത്, കൂലിച്ചെലവ് | 147000 |
| | 2024-25 | 19200 | കതിരണി തരിശു നെൽ കൃഷി വികസനം | 19200 |
| | 2024-25 | 900000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 900000 |
| | 2024-25 | 100000 | ലൈഫ് ഭവനപദ്ധതി - എസ്.സി | 100000 |
| | 2024-25 | 1408598 | ബഡ്സ് സ്കൂൾ കെട്ടിടനിർമ്മാണം | 1408598 |
| | 2024-25 | 181200 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 181200 |
| | 2024-25 | 120000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 120000 |
| | 2024-25 | 50000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 50000 |

| | | | | |
|---|---|---|---|---|
| | 2024-25 | 268800 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് CFC ഗ്രാന്റ് | 268800 |
| **ആകെ** | | **3194798** | | **3194798** |

### 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-6 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ഓഡിറ്റ് വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 6105/2019/ Fin Dt 01.08.19 | 4883968 | 1258649 | 1786732 | -------- | 4355885 |

### 4-7 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

### 4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33 | 2003-04 (പൊതു പരാമർശം) | 11-13-5-9 | മൈത്രി ഭവന പദ്ധതി | നിലനിൽക്കുന്നു. |
| 1999-00 | | 2003-04 (മറ്റ് പരാമർശം) | 11-14 | ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ പുനരധിവാസ പദ്ധതി | നിലനിൽക്കുന്നു. |
| 2003-04 | 2-4 | 2006-07 (പൊതു പരാമർശം) | 3.79.2.5 | ലേലം – കുടിശ്ശിക ഈടാക്കിയില്ല | നിലനിൽക്കുന്നു. |
| 2003-04 | 3-9 | 2006-07 (പൊതു പരാമർശം) | 3.79.9.2 | തൊഴിൽ സംരംഭങ്ങൾക്ക് വിഹിതം നല്കൽ | നിലനിൽക്കുന്നു |
| 2003-04 | 3-13 | 2006-07 (പൊതു പരാമർശം) | 3.79.11.3 | കന്നുകുട്ടി പരിപാലനം | നിലനിൽക്കുന്നു. |
| 2010-11 | 3-24 | 2011-12 | 3.2.9 അനുബന്ധം 9 | കണക്കിവിറ്റി പ്ലാൻ | നിലനിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി - അപാകതകൾ | നിലനിൽക്കുന്നു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | ടി | നിലനിൽക്കുന്നു. |
| 2015-16 | 3-1 | 2016-17 | 5.2.1 | മരാമത്ത് പ്രവൃത്തികൾ – മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ അധികം ചെലവ് ചെയ്തു | നിലനിൽക്കുന്നു. |

**4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-11 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 128311087 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 112201345 |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8510 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,02,537 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8510 | സുരഭി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,17,807 | ഡോ.സവിദ്ധ്യ.എം, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 1-15 | 6,84,730 | സിന്ധു.പി.എസ്, സെക്രട്ടറി, പെരുവയൽ ഗ്രാമപഞ്ചായത്ത് |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക ൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സവിദ്ധ്യ.എം, ആയുർവ്വേദ മെഡിക്കൽ ഓഫീസർ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി, പെരുവയൽ | IF സ്കൈലൈൻ ഗാർമെന്റ്സ്, കെ.ടി.ഗോപാൽ റോഡ്, കോട്ടൂളി,673016 |
| സുരഭി കെ അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുവയൽ, ഗ്രാമപഞ്ചായത്ത് | നെല്ലിക്കോട് മീത്തൽ, പള്ളിപ്പുറം, ഒളവണ്ണ |
| സിന്ധു.പി.എസ് സെക്രട്ടറി | സെക്രട്ടറി, പെരുവയൽ ഗ്രാമപഞ്ചായത്ത് | വിനുവിഹാർ, എൻ.ഐ.ടി കോഴിക്കോട് – 673601 |

**4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(2) തീയതി. | 2 | 30, 33 |

| | | | |
|---|---|---|---|
| | 27.10.2022 | | |
| 2000-01 (DCB) | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(4) തീയതി. 27.10.2022 | 1 | (5 സി) |
| 2001-02 (DCB) | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(6) തീയതി. 27.10.2022 | 1 | 20 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(7) തീയതി. 27.10.2022 | 6 | 2-4, 3-1, 3-2, 3-9, 3-12, 3-13 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(14) തീയതി. 27.10.2022 | 1 | 3-24 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022 തീയതി. 27.10.2022(15) | 5 | 3-7, 3-19, 3-21, 3-23, 3-26, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(17) തീയതി. 27.10.2022 | 1 | 2-2 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(18) തീയതി. 27.10.2022 | 7 | 2-2, 2-4,2-5, 3-1, 3-6, 3-14, 3-16 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(19) തീയതി. 27.10.2022 | 7 | 3-9, 3-11, 3-13,3-14,2-4,2-6,3-1 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി1 /900/2022(20) തീയതി. 27.10.2022 | 10 | 2-2(9), 2-3, 3-4, 3-5,3-6, 3-7, 3-8, 3-10, 3-13, 3-16, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി1 /1443/2024 തീയതി. 17.01.2025 | 6 | 1-25,1-29,1-30 1-31, 1-34,3-4, |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി1 /1443/2024 തീയതി. 17.01.2025 | 16 | 1-2-1, 1-9,1-10,1-11,1-12, 1-13,1-14,1-15,1-16, 1-17, 1-21, 1-22, 1-24, ,3-1, 4-8, 4-11 |
| 2020 - 21 | കെ.എസ്.എ.കെ.4കെ.ഡി/പി1 /1443/2024 തീയതി. 17.01.2025 | 8 | 1-2-1,1-4-1, 1-21, , 1-28, 4-8,4-10 4-11 |
| 2021 - 22 | പി1/556/2025 തീയതി. 03.07.2025 | 25 | 1-2-1,(9,10ഒഴികെ) 1-8,1-12, 1-13,1-14,1-15,1-16 (2,4,5), 1-17,1-18, 1-19, 1-20, 1-21, 1-22, 1-23, 1-27, 1-28,1-29,1-31,1-32, 1-33,1-34,1-35, 3-1(2,4,5) 4-3, 4-11 |
| 2022 -2023 | കെ.എസ്.എ.കെ.കെ.ഡി/പി1 /1443/2024 തീയതി. 17.01.2025 | 27 | 1-1-1,1-1-2,1-1-4,1-1-5, 1-1-7,1-1-8,1-2, 1-6, 1-8,1-10, 1-11, 1-12,1-13, 1-14,1-18,1-19,1-20, 1-21,1-22 1-25,1-26,1-28,1-29, 1-30,1-31, |

| | | | |
|---|---|---|---|
| | | | 4-8,4-11 |
| 2023-24 | കെ.എസ്.എ.കെ.കെ.ഡി/പി1 /437/25 തീയതി.06.03.2025 | 43 | 1-1-1,1-1-2,1-1-3,1-1-5, 1-1-8,1-1-10,1-1-12, 1-1-13, 1-10,1-11, 1-13,1-14, 1-15, 1-17, 1-18,1-19,1-20,1-22, 1-23,1-24,1-25,1-26,1-27,1-28,1-29, 1-30,1-31,1-32,1-33,1-36,1-37, 1-39 മുതൽ 1-47 വരെ, 1-49 4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1/1 dated 28-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Peruvayal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Peruvayal Grama Panchayat as on 31-03-2025

**Date: 28/07/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Peruvayal Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1) The mandatory financial statements like cash flow statement, note on account, Ratios, B-1 statement prescribed in accounting rules are not submitted for audit.
2) Net increase/decrease in cash flow does not match with the difference between the opening balance

and closing balance of the cash and cash equivalents.

3) The expenditure in maitanance projects using maitanance fund not produced in Income & Expenditure statement I-14(E) Maintanance Projects head

4) Lapses in making timely and accurate demand entries in respect of tax and non tax-revenue.

5) Partbill amounts are not icluded in capital work in progress

6) expenses are not recorded on time.

7) E-Tender amount not transferred to own fund account

8) Mismatch of CFC balance in Balance sheet B4 and bank account

9) Bank account not included in AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്